# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 8 Issue 11 November 2022








ചാച്ചാജി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14-നാണല്ലോ നാമെല്ലാവരും ശിശുദിനമായി ആചരിക്കുന്നത്. കുഞ്ഞുങ്ങളെ കൈവെച്ച് പ്രാർത്ഥിക്കാനായി മാതാപിതാക്കൾ യേശുവിന്റെ സവിധേ കൊണ്ടുവന്നപ്പോൾ ശിഷ്യന്മാർ തടഞ്ഞു. അപ്പോൾ യേശു പറയുന്നുണ്ട്: 'ശിശുക്കൾ എന്റെ അടുത്തു വരുവാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ ദൈവരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്' (ലൂക്കാ 18:16).

ഇതിൽനിന്നും ശിശുക്കളെപ്പോലെ ഹൃദയനൈർമ്മല്ല്യവും എളിമയും നിഷ്ക്കളങ്കതയും ഉണ്ടാകണമെന്ന് യേശു പഠിപ്പിക്കുകയാണ്. നാം എത്ര വലിയവരാണെങ്കിലും മറ്റുള്ളവരുടെ മുമ്പിൽ താഴാൻ പഠിക്കാം. 'നീ എത്ര ഉന്നതനാണോ, അത്രമാത്രം വിനീതനാകുക' (പ്രഭ. 3:18). ഞാൻ എന്ന ഭാവം വെടിഞ്ഞ് വിനയമുള്ളവരാകാം. ശുശ്രൂഷാരംഗത്ത് നമുക്കൊക്കെ ഉണ്ടാകേണ്ട വലിയ ഒരു സുകൃതമാണിത്.

നവംബർ മാസം മരിച്ചവരെ അനുസ്മരിക്കുന്ന മാസമാണല്ലോ. നവംബർ 2 പ്രത്യേകമായും മരിച്ചവരുടെ ഓർമ്മദിവസമായിട്ടാണ് സഭ ആചരിക്കുന്നത്. ''ഇന്നു ഞാൻ, നാളെ നീ'' എന്ന ഞെട്ടിക്കുന്ന യാഥാർത്ഥ്യമാണത്. സ്ത്രീയെന്നോ, പുരു



ഷനെന്നോ, ദരിദ്രനെന്നോ, ധനവാനെന്നോ, പണ്ഡിതനെന്നോ, പാമരനെന്നോ, തുടങ്ങി ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസ മില്ലാതെ എല്ലാവരും ചെന്നെത്തേണ്ട ഒരു അദ്ധ്യാത്മ വിദ്യാ ലയമാണ് മരണം. ഞെട്ടിക്കുന്ന സത്യമാണെങ്കിലും ആർക്കും ഇതിൽനിന്നും ഒഴികഴിവില്ല.

ഒരിക്കൽ ഒരു കൈനോട്ടക്കാരൻ ഒരു രാജാവിന്റെ ഏകമകൻ ഒരു ദിവസം മരിക്കുമെന്ന് പ്രവചിച്ചു. അത് സംഭവിക്കുകയും ചെയ്തു. തന്റെ ഏകമകൻ മരിച്ചതിൽ രാജാവ് ഒത്തിരി വിഷ മിച്ചു. രാജാവ് ക്രുദ്ധനായി കൈനോട്ടക്കാരനെ വകവരുത്താ നായി കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. രാജാവ് കൈനോട്ടക്കാര നോട് 'നീ എന്നു മരിക്കുമെന്ന് ഇപ്പോൾതന്നെ പ്രവചിക്കാമോ' എന്ന് ചോദിച്ചു. സൂത്രക്കാരനായ കൈനോട്ടക്കാരൻ രാജാവി നോട് പറഞ്ഞു: 'അങ്ങ് മരിക്കുന്നതിന് 3 ദിവസം മുമ്പ്'. രാ ജാവിന് പേടിയായി. ഞാൻ ഇയാളെ കൊല്ലുകയാണെങ്കിൽ, 3-ാം ദിവസം താനും മരിക്കുമല്ലോ. രാജാവ് കൈനോട്ടക്കാരനെ കൊന്നില്ലെന്ന് മാത്രമല്ല രാജകൊട്ടാരത്തിൽ താമസിപ്പിച്ച് ഭക്ഷണം, മരുന്നടക്കമുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുക യും ചെയ്തു.

മരിച്ച വ്യക്തികൾക്ക് തങ്ങൾക്കുവേണ്ടി ഇനി ഒന്നും ചെയ്യാൻ കഴിയില്ല. നമുക്കാണ് ചെയ്യാൻ സാധിക്കുക. മരിച്ചവരുടെ കട ങ്ങളും പാപങ്ങളും ക്ഷമിച്ച് സ്വർഗ്ഗസൗഭാഗ്യത്തിൽ ചേർക്ക ണമേ എന്ന് തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം.

ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.
ഒത്തിരി സ്നേഹത്തോടെ, സന്തോഷത്തോടെ,

**ഫ്രാൻസീസ് തലക്കോട്ടൂരച്ചൻ**




# വിജയത്തേരിൽ JMCON



കേരള ആരോഗ്യ സർവ്വകലാശാലയുടെ സി. സോൺ ഖോ-ഖോ മത്സരം 2022 സെപ്തംബർ 7ന് തൃശൂർ ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിൽ വച്ച് നടത്തുകയുണ്ടായി. ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് പ്രിൻസിപ്പൽ, ഡോ. എയ്ഞ്ചല ജ്ഞാനദുരൈ സ്വാഗതം ആശംസിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ ഉദ്ഘാടനം നിർവ്വഹിച്ചു. കുഹാസ് സ്പോർട്സ് കൺവീനർ ഡോ. ഗോവിന്ദൻ കുട്ടി 12 ടീം അംഗങ്ങളെയും പരിചയപ്പെടുത്തി. JMMC & RI ഫിസിക്കൽ എജുക്കേഷനിലെ ശ്രീ. വി. ജെ. ജോർജ്ജ് ആശംസയർപ്പിച്ചു. 12 ടീം പങ്കെടുത്തതിൽ മികച്ച പ്രകടനം കാഴ്ചവച്ചു കൊണ്ട് തൃശ്ശൂർ ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിലെ വിദ്യാർത്ഥിനികൾ വിജയകിരീടം അണിഞ്ഞു. പെരിന്തൽമണ്ണ എം. ഇ. എസ്. മെഡിക്കൽ കോളേജ് ഫസ്റ്റ് റണ്ണർ അപ്പും കരുണ മെഡിക്കൽ കോളേജ് സെക്കന്റ് റണ്ണർ അപ്പും ആയി. ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ സമ്മാനദാനം നടത്തി.






# JMCON ന് NAAC അംഗീകാരം

## ആഘോഷവും ശില്പശാലയും

ജൂബിലി മിഷൻ നഴ്സിംഗ് കോളേജിന് NAAC അംഗീകാരം ലഭിച്ചതിന്റെ ആഘോഷം വിപുലമായി നടത്തി. ചടങ്ങിൽ NAAC അംഗീകാരം ലഭിക്കുന്നതിനുവേണ്ടി സ്ഥാപനത്തെ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സഹായിച്ച സെന്റ് ആൽബർട്ട്സ് കോളേജ് മുൻ പ്രിൻസിപ്പാൾ പ്രൊഫ. ഹാരി ക്ലീറ്റസ്, സെന്റ് തോമസ് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഫാ. അനിൽ എന്നിവരെ ആദരിച്ചു. കാർഡിയോളജി പ്രൊഫസറും ITC ചീഫ് മെഡിക്കൽ ഓഫീസറും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് മുൻ ഡയറക്ടറുമായ ഡോ. സുനിൽ ചാണ്ടി ചടങ്ങിൽ പ്രത്യേക അതിഥിയായിരുന്നു. തുടർന്ന് സ്നേഹവിരുന്നിൽ എല്ലാവരും പങ്കെടുത്തു.



ആഘോഷത്തോടനുബന്ധിച്ച് ഇന്നോവേഷൻ സെൽ സംഘടിപ്പിച്ച ആശയ ഉത്ഭവവും രൂപീകരണവും (Idea Generation & Idea Designing) എന്ന ശിൽപ്പശാല നവംബർ 10ന് രാവിലെ 8 മുതൽ വൈകുന്നേരം 4 വരെ നടത്തി. പ്രിൻസിപ്പാൾ ഡോ ഏയ്ഞ്ചല ജ്ഞാനദുരൈ സ്വാഗതം ചെയ്തു. സെന്റ് ആൽബർട്ട്സ് കോളേജ് മുൻ പ്രിൻസിപ്പാൾ പ്രൊഫ. ഹാരി ക്ലീറ്റസ്, സെന്റ് സേവ്യേഴ്സ് കോളേജ് മുൻ പ്രൊഫസർ ഡോ. ഷീന സേവ്യർ, സി. എം. സി. വെല്ലൂർ മുൻ ഡയറക്ടർ ഡോ. സുനിൽ ചാണ്ടി എന്നിവർ ക്ലാസുകൾ എടുത്തു. വൈസ് പ്രിൻസിപ്പാൽമാരായ ഡോ. സി. ഫിലോ രശ്മി, ഡോ. സി. ട്രീസ ആന്റോ എന്നിവർ സംസാരിച്ചു. പുതിയ ആശയം വികസിപ്പിക്കുന്നതിനും അത് നടപ്പിലാക്കേണ്ടതിനും ആവശ്യമായ കാര്യങ്ങൾ വിദ്യാർത്ഥികളുമായി സംവദിച്ചു. ഇന്നോവേഷൻ സെൽ കോർഡിനേറ്റർ ശ്രീമതി സ്രീജ ജേക്കബിന്റെ നേതൃത്വത്തിലാണ് പരിപാടികൾ നടത്തിയത്. ഈ ശിൽപ്പശാലയ്ക്ക് കേരള നെഴ്സസ് & മിഡ്‌വൈവ്സ് കൗൺസിലിന്റെ 6 മണിക്കൂർ ക്രെഡിറ്റ് അവേഴ്സ് ലഭിക്കുകയും ചെയ്തു.







# TALENTS DAY 2022







ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ടാലന്റ്സ് ഡേ 2022 നവംബർ 2-ാം തിയ്യതി ആഘോഷിച്ചു. 2021 - 2022 വർഷത്തിൽ ജൂബിലി മിഷനിൽ പഠനത്തിലും കലാകായിക മേഖലകളിലും മികച്ച വിജയം നേടിയ വിദ്യാർത്ഥികളെയും വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ച അധ്യാപകരേയും ആദരിച്ചു. കായികമേഖലകളിൽ 26ഉം കലാമേഖലകളിൽ 10 ഉം പാഠ്യവിഷയങ്ങളിൽ 12ഉം വിദ്യാർത്ഥികളെയും പ്രബന്ധ പ്രസിദ്ധീകരണത്തിന് 9 അദ്ധ്യാപകരെയും വിവിധ അവാർഡുകൾ കരസ്ഥമാക്കിയ 6 അധ്യാപകരെയും ചടങ്ങിൽ അനുമോദിച്ചു. ലോകത്തിലെ മുൻനിര പ്രസിദ്ധീകരണമായ എൽസെവിയറിന്റെ പ്രത്യേക പരാമർശം കിട്ടിയ ഡോ. ഗോവിന്ദനുണ്ണിയെ അനുമോദിച്ചു. തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പ്രശസ്തിപത്രങ്ങൾ വിതരണം ചെയ്തു. ഫാ. റെന്നി മുണ്ടൻകുരിയൻ ആശംസകൾ അർപ്പിച്ചു. സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് ജൂബിലിയുടെ പ്രശസ്തി ഉയർത്തിപ്പിടിച്ച പ്രതിഭകൾക്ക് നന്ദി പറഞ്ഞു.



# ANTIMICROBIAL RESISTANCE

## [ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയാൻ]

# ബോധവൽക്കരണവാരം

ഇന്ന് ലോകമൊട്ടുക്ക് ആരോഗ്യമേഖല നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ് ആന്റിബയോട്ടിക്ക് റെസിസ്റ്റൻസ്. അണുക്കൾ ആന്റിബയോട്ടിക്ക് തുടങ്ങിയ മരുന്നുകൾക്ക് എതിരേ ആർജ്ജിക്കുന്ന പ്രതിരോധത്തെയാണ് ആന്റിബയോട്ടിക് റെസിസ്റ്റൻസ് എന്നു പറയുന്നത്. ഇതുമൂലം അണുബാധയുള്ള രോഗിയെ ചികിൽസിക്കാൻ ഫലപ്രദമായ ആന്റിബയോട്ടിക്കുകൾ പലതും ഇന്നു നമുക്ക് കൈമോശം വന്ന സ്ഥിതിയായിരിക്കുന്നു. ഈ അവസ്ഥയ്ക്കുള്ള കാരണമായി പറയുന്നത് ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം ആണ്. ഈ സ്ഥിതിയുടെ ഭീകരാവസ്ഥ ഉൾക്കൊണ്ട് WHO പോലുള്ള സംഘടനകൾ വലിയ രീതിയിലുള്ള ബോധവൽകരണ പരിപാടികൾക്കാണ് ലോകമെമ്പാടും






ആഹ്വാനം ചെയ്തിട്ടുള്ളത്. എല്ലാ വർഷവും നവംബർ 18 മുതൽ 24 വരെ ആന്റി മൈക്രോബിയൽ ബോധവൽക്കരണവാരം ആയി ആചരിക്കുന്നത്, ഈ സ്ഥിതിയുടെ ഭീകരാവസ്ഥ ഉൾക്കൊള്ളാനും ദുരുപയോഗം തടയാനുമുള്ള നടപടികൾ കൈക്കൊള്ളാനും ആണ്. WHO ആഹ്വാനം ചെയ്ത ലോക ആന്റിമൈക്രോബിയൽ ബോധവൽക്കരണവാരം വിപുലമായ രീതിയിൽ ജൂബിലിയിൽ നവംബർ 18 മുതൽ 24 വരെ ആചരിച്ചു. മെഡിക്കൽ വിദ്യാർത്ഥികൾക്കും ഡോക്ടർമാർക്കും ഇതിലുള്ള അവബോധം അടിയുറപ്പിക്കുന്നതിനായി ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ആശുപത്രിയിലെ ഡോക്ടർമാരടക്കമുള്ള മുഴുവൻ സ്റ്റാഫംഗങ്ങളേയും ഉൾപ്പെടുത്തിയുള്ള സ്റ്റേജ് മത്സരങ്ങളും നടത്തുകയുണ്ടായി. ആന്റിബയോട്ടിക്കിന്റെ ദുരുപയോഗം തടയുന്നതിനെപ്പറ്റി പൊതുജനങ്ങൾക്കായി മൈക്രോബയോളജിയുടേയും ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ ടീമിലേയും അംഗങ്ങൾ ആശുപത്രിയിലെ എല്ലാ ഭാഗങ്ങളും സന്ദർശിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. 24-ാം തിയ്യതിയിലെ പരിപാടിയിൽ വെറ്ററിനറി കോളേജ് ഡീൻ ഡോ. വിജയകുമാർ കെ. ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തുകൊണ്ട് ഈ വിഷയത്തിൽ ഏകാരോഗ്യ സമീപനത്തിന്റെ അനിവാര്യതയെക്കുറിച്ച് സംസാരിച്ചു. ഈ യോഗത്തിൽ കേരള ഗവൺമെന്റിന്റെ KARSAPന്റെ പ്രവർത്തനങ്ങളെക്കുറിച്ച് തൃശ്ശൂർ ജില്ലയുടെ KARSAP നോഡൽ ഓഫീസർ ഡോ. പവൻ മധുസൂദനൻ സംസാരിച്ചു. തുടർന്ന് പൊതുജനങ്ങളിലേക്ക് സന്ദേശം എത്തിക്കുന്നതിന്റെ ഭാഗമായി ആശുപത്രിയിലെ ഡോക്ടർമാരും നഴ്സുമാരും മറ്റ് സ്റ്റാഫംഗങ്ങളും പങ്കെടുത്ത വാക്കത്തോൺ മെഡിക്കൽ സുപ്രണ്ട് ഡോ. പി. സി. ഗിൽവാസ് ഫ്ളാഗ് ഓഫ് ചെയ്തു.

# അഭിനന്ദനങ്ങൾ



Prestigious National Neonatology Forum, India 2025യിൽ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ഡോ. മനോജ് വി. സി. യ്ക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



ഇക്കഴിഞ്ഞ നവംബർ 10, 11 തിയ്യതികളിൽ BITS - Pilani Goa Campus-ൽ നടത്തിയ International Conference on Drug Discoveryയിൽ 'ലബോറട്ടറി ഫോർ കമ്പ്യൂട്ടേഷൻ ആന്റ് സ്ട്രക്ച്ചറർ ബയോളജി' ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിലെ ഡോ. രമ്യ ചന്ദ്രന് പോസ്റ്റർ പ്രസന്റേഷൻ വിഭാഗത്തിൽ രണ്ടാം സ്ഥാനം ലഭിക്കുകയുണ്ടായി. മറവിരോഗം വരുമ്പോൾ ന്യൂറോൺ കോശങ്ങൾക്ക് നാശം സംഭവിക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതിൽനിന്ന് ന്യൂറോണുകളെ സംരക്ഷിക്കാനുള്ള കഴിവ് ഇന്ത്യൻ ടുബാക്കോ എന്നറിയപ്പെടുന്ന ചെടിയിൽ അടങ്ങിയിരിക്കുന്ന ലോബലൈൻ എന്ന രാസപദാർത്ഥത്തിന് ഉണ്ടെന്ന് തെളിയിച്ച പഠനം വിശദീകരിച്ചതിനാണ് 1200-ഓളം പേർ പങ്കെടുക്കുകയും 750-ഓളം പേർ പോസ്റ്റർ പ്രസന്റേഷൻ നടത്തുകയും ചെയ്തതിൽനിന്നും രണ്ടാം സ്ഥാനം ലഭിച്ചത്.



ബാംഗ്ലൂരിൽവച്ച് നടന്ന BNET ക്വിസ് കോമ്പറ്റീഷനിൽ ഫസ്റ്റ് റണ്ണർ അപ്പ് ആയ ന്യൂറോളജിയിലെ ഫൈനൽ ഇയർ സീനിയർ റെസിഡന്റ് ഡോ. നിഖില തോമസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.





ഇൻഡോറിൽ വെച്ച് നടന്ന ആനുവൽ നാഷണൽ കോൺഫറൻസ് ഓഫ് ഇന്ത്യ ഓഫ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ക്വിസ് കോമ്പറ്റീഷനിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ഡോ. മാഗ്ലിൻ മോണിക്കക്കും ഡോ. ഷാനിബ എ. ബി. ക്കും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

# അഭിനന്ദനങ്ങൾ





പൂനെയിൽ വച്ച് നടന്ന നാഷണൽ യു ജി കോൺഫറൻസ് ILLUMINATI 2022യിൽ Confundus Case Presentation നിൽ മൈക്രോബയോളജിയിലെ ഡോ. ആർദ്ര എംന്റെ നേതൃത്വത്തിൽ മൂന്നാം സ്ഥാനം നേടിയ 16th ബാച്ചിലെ ജസിയാ ജബീനും സുജിത എസ് സുന്ദറിനും നേഹ ഷിബുവിനും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.





ജമ്മു കാശ്മീരിൽ വച്ചു നടന്ന TRANSCON 2022 - 47th ആനുവൽ കോൺഫ്രൻസ് ഓഫ് ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആൻഡ് ഇമ്മ്യൂണോ ഹെമറ്റോളജി ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ട്രാൻസ്ഫ്യൂഷൻ മെഡിസിനിലെ ഡോ. ഷെറിൻ എസ്. ജോണിനും ഡോ. അരുണിനും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.





പൂനെയിൽ വച്ച് നടന്ന നാഷണൽ യു ജി കോൺഫറൻസ് ILLUMINATI 2022-ൽ മോഡേൺ മെഡിസിൻ ക്വിസിൽ രണ്ടാം സ്ഥാനം നേടിയ 16th ബാച്ചിലെ നിർമൽ പിട്സനും നേഹ ഷിബുവിനും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ .





സൗത്ത് ഇന്ത്യൻ ക്വിസ് കോമ്പറ്റീഷൻ (Amala COM Quiz 2022)യിൽ കമ്മ്യൂണിറ്റി മെഡിസിനിൽ വിജയികളായ ലിസ് ജെ. തലക്കോട്ടൂരിനും 16th ബാച്ചിലെ ജെയിംസ് എഫ്. കല്ലേലിക്കും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

CONGRATULATIONS

# കോൾപോസ്കോപ്പിലൂടെ കണ്ടെത്താം... ഗർഭാശയഗള കാൻസർ




ഗർഭാശയഗള കാൻസർ നേരത്തേതന്നെ കണ്ടുപിടിക്കുവാനും തത്സമയം തന്നെ ചികിത്സ നടത്തുവാനും ഉതകുന്ന ഉപകരണമാണ് കോൾപോസ്കോപ്പ്. ഈ നൂതന ചികിത്സാ രീതിയിൽ ഗൈനക്കോളജിസ്റ്റുകൾക്ക് പരിശീലനം നടത്തുന്നതിനായിട്ടുള്ള ശില്പശാല നവംബർ 27ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ നടന്നു.

ഡി. എം. ഒ. ഡോ. ശ്രീദേവി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർമാരായ ഫാ. ഡെമിൻ തറയിൽ, ഫാ. ഷിജോ മാപ്രാണത്തുകാരൻ, TOGS പ്രസിഡന്റ് ഡോ. ഗീത, ജൂബിലി ഗൈനക്കോളജി വിഭാഗം മേധാവി ഡോ. സറീന ഗിൽവാസ് എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി പരിപാടി ഉദ്ഘാടനം ചെയ്തു.

KFOG ഓങ്കോളജി കമ്മിറ്റി ചെയർപേഴ്സൺ ഡോ. ജീന ബാബുരാജ്, ഡോ. ദീപ്തി ഡി. നായർ, ഡോ. ഇന്ദു മധു, ഡോ. ലോല രാമചന്ദ്രൻ, ഡോ. സാലി, ഡോ. ബ്രിജി പണിക്കർ, ഡോ. നീന എന്നിവർ ക്ലാസ്സുകളെടുത്തു.

# JUBILEE VOICE



മംഗ്ലൂരിൽ വച്ച് നടന്ന 16th ആനുവൽ നാഷണൽ കോൺഫ്രൻസ് ഓഫ് ഇന്ത്യൻ സൊസൈറ്റി ഓഫ് ടോക്സികോളജിയിൽ 'കോബിറ്റൻസി ബേസ്ഡ് മെഡിക്കൽ എഡ്യൂക്കേഷൻ കരിക്കുലം ചലഞ്ചസ് ആൻഡ് ഓപ്പർച്യൂണിറ്റീസ്' എന്ന വിഷയത്തെപ്പറ്റി ഡോ. പത്മകുമാർ കെ. സംസാരിച്ചു.



സിങ്കപ്പൂരിൽ വച്ചു നടന്ന 14th വേൾഡ് സ്ട്രോക് കോൺഗ്രസ് 2022-ൽ 'പ്രീ ഹോസ്പിറ്റൽ സ്ട്രോക്ക് കെയർ നൽകുന്നതിന്റെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തെപ്പറ്റി ഡോ. സിജു വി. എബ്രഹാം സംസാരിച്ചു.



കോഴിക്കോട് വച്ച് നടന്ന 11-ാമത് കേരള ഇന്റർവെൻഷണൽ ന്യൂറോളജി കോൺഫറൻസ് & പ്രീ കോൺഫറൻസ് വർക്ക്ഷോപ്പിൽ പങ്കെടുത്ത് 'അക്യൂട്ട് സ്ട്രോക്കിലെ ത്രോബോലൈസീസ്' എന്ന വിഷയത്തെപ്പറ്റി ഡോ. ഫിജു ചാക്കോ സംസാരിച്ചു.



അമൃതസറിൽ വച്ച് നടന്ന 56-ാമത് ആനുവൽ കോൺഫറൻസ് അസോസിയേഷൻ ഓഫ് പ്ലാസ്റ്റിക് സർജൻസ് ഓഫ് ഇന്ത്യ 2022ൽ 'മാനേജ്മെന്റ് ഓഫ് ലോവർ ലിംബ് ട്രോമ വിത്ത് ഫ്രീ ടിഷ്യു ട്രാൻസ്ഫേർസ്' എന്ന വിഷയത്തെപ്പറ്റി ഡോ. നവീൻ ഐസക് ജോൺ പ്രസന്റേഷൻ അവതരിപ്പിച്ചു.



ടെൽകോൺ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽവച്ച് നടന്ന 65-ാമത് ആനുവൽ കോൺഫറൻസ് ഓഫ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ 2022-ൽ 'ബ്ലഡ് ബാങ്കിംഗ് ടു ട്രാൻസ്ഫ്യൂഷൻ' എന്ന വിഷയത്തെപ്പറ്റി ഡോ. നിത്യ എം. ബൈജു പ്രസന്റേഷൻ അവതരിപ്പിച്ചു.



# പാത്തോളജി ദിനത്തിൽ
## കാൻസർ അവബോധ എക്സിബിഷൻ







ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പാത്തോളജി വിഭാഗത്തിൽ പൊതുജനങ്ങൾക്ക് കാൻസറിനെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി എക്സിബിഷൻ നടത്തി. പ്രദർശനം തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ബി. ഷീല ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ, ഡോ. ലിൻസി ജോസഫ് എന്നിവർ പ്രസംഗിച്ചു. ഇതോടനുബന്ധിച്ച് സൗജന്യ പ്രമേഹ രോഗനിർണ്ണയപരിശോധനയും പച്ചക്കറിതൈ വിതരണവും നടത്തി.




# 7-ാം Dr. M.L ദത്തൻ മെമ്മോറിയൽ ശില്പശാല

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 7-ാമത് പ്രൊഫ. ഡോ. എം.എൽ. ദത്തൻ മെമ്മോറിയൽ സർജറി ശില്പശാല -'എസ്സൻഷ്യൽസ് ഇൻ സർജറി' നവംബർ 20-ന് സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നും സർജറി വിഭാഗത്തിലെ പ്രഗത്ഭരായ ഡോക്ടർമാർ ഇന്ന് സർജിക്കൽ മേഖലയിൽ ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന നൂതന ചികിത്സാ രീതികളെ കുറിച്ച് വിശദമായി പ്രതിപാദിച്ചു. കൂടാതെ സർജിക്കൽ വിഭാഗത്തിൽ പഠിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികളുടെ പോസ്റ്റർ പ്രദർശനം, ക്ലിനിക്കൽ ഡിസ്കഷനുകൾ, ക്വിസ് മത്സരം എന്നിവ ശില്പശാലക്ക് മാറ്റ് കൂട്ടി. ജൂബിലി മിഷൻ ആശുപത്രി അസി. ഡയറക്ടർ ഫാ. ഡെമിൻ തറയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. സുധാ ദത്തൻ, അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ കേരള ചാപ്റ്റർ ചെയർമാൻ ഡോ. ബിന്നി ജോൺ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, വൈസ് പ്രിൻസിപ്പാൾ ഡോ. സി. വി. ആൻഡ്രൂസ്, സർജറി വിഭാഗം മേധാവി ഡോ. അശോക് നൈനാൻ ഉമ്മൻ, അസി. പ്രൊഫസറും ഓർഗനൈസിങ്ങ് സെക്രട്ടറിയുമായ ഡോ. ശ്രീകാന്ത് എം. എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

JUBILEE



# ജൂബിലി പേരെങ്ങനെ?

ജൂബിലി മിഷൻ ആശുപത്രിയ്ക്ക് ആ പേരു കാണുമ്പോൾ പലരും ചിന്തിച്ചിട്ടുണ്ടാകും എന്തുകൊണ്ടാണ് ആ പേരെന്ന്. ആ ആലോചന ചെന്നെത്തുക ഒരു ബിഷപ്പിലേക്കാണ് – മാർ ജോർജ് ആലപ്പാട്ട്.

ചാലക്കുടി മുതൽ പാലക്കാടും രാമനാഥപുരവും ഹൊസൂറും വരെ നീണ്ടുകിടന്ന അവിഭക്ത തൃശൂർ രൂപതയുടെ മെത്രാനായിരുന്ന അദ്ദേഹത്തിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിലാണ് 1951ൽ മിഷൻ ആശുപത്രിക്ക് തുടക്കമിട്ടത്. അങ്ങനെ ആശുപത്രി 'ജൂബിലി' യായി.

മുഴുവൻ പേര് മാർ ജോർജ് ആലപ്പാട്ട് ജൂബിലി മെമ്മോറിയൽ ആശുപത്രി എന്നത് പിന്നീട്, ജൂബിലി മിഷൻ ആശുപത്രിയും നാട്ടുകാരുടെ വിളിപ്പേരിൽ ജൂബിലി ആശുപത്രിയുമായി.

തൃശൂരിന്റെ ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ വലിയ സംഭാവനകൾ നൽകിയ മാർ ജോർജ് ആലപ്പാട്ട് 1900 ഫെബ്രുവരി 11നാണ് ജനിച്ചത്. 1973 നവംബർ 6ന് അദ്ദേഹം ഓർമ്മയായി.

കരാഞ്ചിറയിൽ ആലപ്പാട്ട് കുടുംബത്തിൽ ജനിച്ച അദ്ദേഹം 1944 മേയ് ഒന്നു മുതൽ 1970 ജൂൺ വരെയാണ് മെത്രാൻ സ്ഥാനം വഹിച്ചത്. സെന്റ് തോമസ് കോളേജ് രജിസ്റ്ററിൽ പേരു ചേർക്കപ്പെട്ട ആദ്യ വിദ്യാർത്ഥിയുമാണ് അദ്ദേഹം. അന്നു പേര് പി. സി. വാറുണ്ണിയെന്നായിരുന്നു.

രൂപതയിലുണ്ടായിരുന്ന സ്കൂളുകളുടെ വികസനത്തിൽ വലിയ പങ്കുവഹിച്ച അദ്ദേഹം ആരോഗ്യമേഖലയിൽ പാവപ്പെട്ട

വർക്കു സഹായമായി. ഒരു ആശുപത്രി വേണമെന്ന ആഗ്രഹം സൂക്ഷിച്ചിരുന്നു. 1950ൽ ബിഷപ്പിന്റെ 50-ാം ജന്മവാർഷികവും 1951ൽ പൗരോഹിത്യ രജതജൂബിലി ആഘോഷവുമായിരുന്നു. ഈ കാലത്താണ് ജൂബിലി മിഷൻ ആശുപത്രിയെന്ന വലിയ പദ്ധതി അദ്ദേഹം മുന്നോട്ടുവച്ചത്. 1951ൽ ആ ഡിസ്പെൻസറിക്കു തറക്കല്ലിട്ടപ്പോൾ ബിഷപ്പ് മരം നട്ടാണ് അതിനു തുടക്കമിട്ടത്. നാഗലിംഗമരം എന്നറിയപ്പെടുന്ന മരം. അത് നടാനൊരു കാരണവും അദ്ദേഹം പറഞ്ഞു.'ഡെറ്റോൾ മണ'മുള്ള മരം ഇരിക്കട്ടെ ആശുപത്രിക്ക്. ആ മരം ഇപ്പോഴുമുണ്ട്, മാർ ആലപ്പാട്ടിന്റെ ഓർമകൾ പോലെ.



# പുതിയ ന്യൂറോ ഫിസിയോളജി ലാബ്

ഗോൾഡൻ ജൂബിലി ബ്ലോക്ക് Ist ഫ്ളോറിൽ പുതിയ ഫിസിയോളജി ലാബ് (EEG, EMG & NCS) ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാദർ റെന്നി മുണ്ടൻകുര്യൻ ആശീർവദിച്ചു. ന്യൂറോളജി വിഭാഗത്തിലെ രോഗികൾക്ക് ആശ്വാസമായ് പുതിയ ന്യൂറോ ഫിസിയോളജി ലാബ് ഗോൾഡൻ ജൂബിലി ബ്ലോക്ക് 1-ാം നിലയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. നാഡീവ്യൂഹത്തിന് തകരാറുള്ള രോഗികൾക്കും അപസ്മാര രോഗികൾക്കും അത്യന്താപേഷിതമായ ടെസ്റ്റുകളാണ് ഇവിടെ ചെയ്യുന്നത്.

## ആദരാഞ്ജലികൾ



നവംബർ 13-ാം തിയ്യതി
ജൂബിലി മിഷൻ കുടുംബത്തിൽനിന്ന് വേർപിരിഞ്ഞുപോയ
അനസ്തേഷ്യ വിദ്യാർത്ഥി (JMCAHS)
മുഹമ്മദ് ഇജാസിന് ജൂബിലി കുടുംബത്തിന്റെ
**ആദരാഞ്ജലികൾ.**

# COPD ദിനാചരണം



റെസ്പിറേറ്ററി മെഡിസിൻ വകുപ്പ് 2022 നവംബർ 16-ന് ലോക COPD ദിനം ആചരിച്ചു. ഈ വർഷത്തെ പ്രമേയം 'നിങ്ങളുടെ ശ്വാസകോശം നിങ്ങളുടെ ജീവിതം' എന്നതായിരുന്നു. വിദ്യാർത്ഥികൾക്കായി പോസ്റ്റർ മത്സരവും രോഗികൾക്കായി സൗജന്യ PFT ക്യാമ്പും ബോധവൽക്കരണ പരിപാടിയും ഉണ്ടായിരുന്നു. പുകവലിയുടെ ദൂഷ്യഫലങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കാനും ശരിയായ ഇൻഹേലർ ഉപയോഗരീതികളും നേരത്തെയുള്ള രോഗനിർണയത്തിനായി സ്പൈറോമെട്രി ടെസ്റ്റിനെക്കുറിച്ചും ബോധവൽക്കരണം നടത്തി. പോസ്റ്റർ മത്സരത്തിൽ MBBS 18-ാം ബാച്ച് വിദ്യാർത്ഥിയായ ജെസിക്ക ജേക്കബ് ഒന്നാം സ്ഥാനവും നഴ്സിങ്ങ് വിദ്യാർത്ഥിയായ ആഷ്ലി എൽസ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മൂന്നാം സ്ഥാനം MBBS വിദ്യാർത്ഥി മുനീഷയും നഴ്സിങ്ങ് വിദ്യാർത്ഥി ലിയയും പങ്കിട്ടു.




FIRST PRIZE




SECOND PRIZE




THIRD PRIZE



# ജീവിതം മധുരിക്കാൻ
## പ്രമേഹ അവബോധദിനം




ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ ലയൺസ് ക്ലബ്ബിന്റെ സംയുക്താഭിമുഖ്യത്തിൽ പ്രമേഹ അവബോധ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ലയൺസ് ക്ലബ്ബ് പ്രസിഡന്റ് ആന്റോ അക്കര ഉദ്ഘാടനം ചെയ്തു. ആശുപത്രി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡെമിൻ തറയിൽ മുഖ്യപ്രഭാഷണം നടത്തി. ഒഫ്താൽമോളജി വിഭാഗം മേധാവി ഡോ. സി. വി. ആൻഡ്രൂസ് ക്ലാസ്സെടുത്തു.

സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അലക്സ് ജോസഫ്, ഡോ. നവീൻ ഐസക്, തൃശൂർ ഒഫ്താൽമിക് സൊസൈറ്റി പ്രസിഡന്റ് ഡോ. റോളണ്ട് ഗോഡ്‌ലി എന്നിവർ പങ്കെടുത്തു. ദിനാചരണത്തിന്റെ ഭാഗമായി സൗജന്യ പ്രമേഹ പരിശോധന, നേത്ര പരിശോധന, രക്തസമ്മർദ്ദ പരിശോധന എന്നിവ ഉണ്ടായിരുന്നു.




# റേഡിയോളജി ഡേ ആഘോഷമാക്കി...



ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ റേഡിയോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇന്റർനാഷണൽ റേഡിയോളജി ഡേ (IDOR - 2022) ആചരിച്ചു. റവ. ഫാ. റെന്നി മുണ്ടൻകുര്യൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ റേഡിയോളജി ടെക്നീഷ്യൻ ശ്രീമതി ഫെബിന ബേബി സ്വാഗതം ആശംസിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. എം.ആർ. ബാലചന്ദ്രൻ നായർ റേഡിയോളജി ദിന സന്ദേശം നൽകി. റവ. ഫാ. ഡെമിൻ തറയിൽ, റവ. ഫാ. തോമസ് പൂപ്പാടി, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, വൈസ് പ്രിൻസിപ്പാൾ ഡോ. സി. വി. ആൻഡ്രൂസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. പി.സി. ഗിൽവാസ്, ഡോ. അലക്സ് ജോസഫ്, ഡോ. എൻ. ഐ. കുര്യൻ എന്നിവർ ആശംസകൾ അർപ്പിച്ചു. റേഡിയോളജി ഡിപ്പാർട്ട്മെന്റിൽ ദീർഘകാലമായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി ചിന്നമ്മ ജോസഫ്, ശ്രീ. മാത്യു ഇ.ജെ. എന്നിവരെ ആദരിച്ച ചടങ്ങിൽ ഇൻചാർജ്ജ് സി. റോസിൻ നന്ദി പ്രകാശിപ്പിച്ചു.



# JOURNAL CLUB

JCMR ന്റെ ആഭിമുഖ്യത്തിലുള്ള 54-ാമത് ജേർണൽ ക്ലബ്ബ് നവംബർ 16 ബുധനാഴ്ച ന്യൂ സി. സി. എം. ഹാളിൽ നടന്നു. JCMR സയന്റിസ്റ്റും DHR (ഗവൺമെന്റ് ഓഫ് ഇന്ത്യ) ഫെലോയുമായ ഡോ. ദിലീപ് വിജയനായിരുന്നു പ്രഭാഷകൻ. ടാക്രിൻ മൂലകം എപ്രകാരം അസറ്റൈൽകോളിൽ എസ്ട്രേസ് എന്ന എൻസൈമിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നതായിരുന്നു പ്രബന്ധ വിഷയം. ഈ പഠനം ഇൻറർനാഷണൽ ജേർണൽ ഓഫ് ബയോളജിക്കൽ മാക്രോമോളി ക്യൂൾസിൽ 2022ൽ ഡോ. ദിലീപ് വിജയന്റെയും സഹപ്രവർത്തകരുടെയും പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടു. അൽഷിമേഴ്സ് പോലുള്ള മറവി രോഗങ്ങളിൽ ടാക്രിന്റെ വിവിധ സംയുക്തങ്ങൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്ന വിഷയം ചർച്ച ചെയ്യപ്പെട്ടു. ഈ പഠനത്തിന്റെ അനന്ത സാധ്യതയും ബൗദ്ധിക സ്വത്തവകാശവും ഡോ. ആൻഡ്രൂസ് കാക്കനാട്ട്, ഡോ. ഡി. എം. വാസുദേവൻ, ഡോ. പി. ആർ. വർഗ്ഗീസ് എന്നിവർ ചർച്ചയ്ക്കു വിഷയമാക്കി.



# മികവിന് അംഗീകാരം

## ഡോ. ഗോവിന്ദനുണ്ണിക്ക് എൽസെവിയർ പബ്ലിക്കേഷൻ്റെ ആദരം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹൃദ്രോഗ വിഭാഗം മേധാവി ഡോ. ഗോവിന്ദനുണ്ണി 2019–2021 കാലയളവിൽ ആരോഗ്യസംരക്ഷണം, ഓപ്പൺ സയൻസ്, മാനവികതയുടെ പ്രയോജനത്തിനായി സ്ഥാപനങ്ങളെയും പ്രൊഫഷണലുകളേയും സഹായിക്കുന്ന ഒരു ആഗോള ഇൻഫർമേഷൻ അനലറ്റിക് പബ്ലിഷിങ്ങ് കമ്പനിയായ എൽസെവിയറിൻ്റെ (Elsevier) വിവിധ വൈദ്യശാസ്ത്ര ജേർണലുകളായി 3 ഗവേഷണ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. ഡോ. ഗോവിന്ദനുണ്ണിയുടെ പ്രസിദ്ധീകരണങ്ങൾ എല്ലാം കൂടി 35,642 തവണ ഡൗൺലോഡ് ചെയ്യപ്പെട്ടതായി നിരീക്ഷിച്ചു. ഇത് അസാധാരണമായ സംഭവമായി അവർ കരുതുന്നു.

ഈ മൂന്നു ലേഖനങ്ങളിൽ ഏട്രിയൽ ഫിബ്രിലേഷൻ (Atrial Fibrillation)നെപറ്റി കേരളത്തിൽനിന്നുള്ള സമഗ്രമായ പഠനമായിരുന്നു. ഐക്യരാഷ്ട്രസഭ 2030-ാം വർഷത്തോടെ ലോകരാജ്യങ്ങളിൽ രൂപപ്പെടുത്തിയെടുക്കാൻ ഉദ്ദേശിക്കുന്ന 17 സുസ്ഥിര വളർച്ചാലക്ഷ്യങ്ങളിൽ 3-ാമത്തേതാണ് ആരോഗ്യ മേഖല.

കേരളത്തിലെ ചെറുതും വലുതുമായ 53 ആശുപത്രികളെ ഉൾപ്പെടുത്തി 2015-16 കാലഘട്ടത്തിൽ നടന്ന ഒരു പഠനഫലം 2021ൽ എൽസെവിയർ പ്രസിദ്ധീകരണമായ ഇന്ത്യൻ ഹാർട്ട് ജേർണലിൽ പ്രസിദ്ധീകരിച്ചു. ഡോ. ഗോവിന്ദനുണ്ണിക്കു പുറമേ ഏതാനും പേർ ഈ ലേഖനത്തിന്റെ രചയിതാക്കളാണ്.

ക്രമം തെറ്റിയതും, വേഗത കൂടിയതും, രക്തധമനികളിൽ ഒഴുക്ക് കുറയുന്നതുമായ ഒരു രോഗാവസ്ഥയാണ് ഏട്രിയൽ ഫിബ്രിലേഷൻ. ഹൃദയത്തിലെ മുകളിലെ അട്രിയം അറയും താഴത്തെ വെൻട്രികുലർ അറയും പരസ്പരം താളത്തിൽ ചലിക്കാതെ ക്രമം തെറ്റി ഹൃദയമിടിക്കുന്ന അവസ്ഥയാണിത്. ഇതിനു കാരണമാകുന്ന ഘടകങ്ങളും, ചികിത്സയിലെ പരിമിതികളും, കുറവുകളും ഈ ലേഖനത്തിൽ കൃത്യമായി വിവരിക്കുന്നുണ്ട്. ആരോഗ്യപരിപാലന രംഗത്ത് ശ്രദ്ധിക്കുന്നവർക്ക് ഈ ലേഖനം അടിസ്ഥാന വിവരങ്ങൾ നൽകുന്ന രജിസ്ട്രിയാണ്. അതിനാലാണ് സുസ്ഥിര വളർച്ചക്ക് ഈ ലേഖനം ഉപകാരപ്പെടുമെന്ന് എൽസെവിയർ ജേർണൽ കണ്ടെത്തിയതും ഐക്യരാഷ്ട്ര സഭയുടെ ലക്ഷ്യത്തോട് ചേർന്നുപോകുമെന്ന് വ്യക്തമാക്കി ഡോ. ഗോവിന്ദനുണ്ണിക്ക് സർട്ടിഫിക്കറ്റ് നൽകിയതും.

ജൂബിലിക്ക് ഇത് ധന്യമുഹൂർത്തമാണ്. നമ്മുടെ ഒരു ഡോക്ടർ ഐക്യരാഷ്ട്ര സഭയുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന സംഭാവന നൽകിയതിൽ നമുക്കും അഭിമാനിക്കാം. നവംബർ 2ന് ഓൾഡ് സിസിഎം (CCM) ഹാളിൽ JCMR സംഘടിപ്പിച്ച യോഗത്തിൽ ഡോ. ഗോവിന്ദനുണ്ണി ലേഖനത്തിന്റെ ഉള്ളടക്കം അവതരിപ്പിച്ചു.




ലോകത്ത് ഒരു വർഷം 703,000 ആളുകളാണ് തങ്ങളുടെ ജീവൻ ഇല്ലാതാക്കുന്നത്. ഓരോ ആത്മഹത്യ നടക്കുമ്പോഴും മറ്റ് 20 പേർ ആത്മഹത്യാശ്രമം നടത്തുന്നുണ്ടാകാം. ഈ കണക്കുകൾക്ക് ഗൗരവം കൂടുന്നത് ഈ സമയത്തും കണക്കില്ലാത്തത്ര ആളുകൾക്ക് ആത്മഹത്യയെക്കുറിച്ച് ഗൗരവമായ ചിന്തകളുണ്ട് എന്ന യാഥാർത്ഥ്യത്തെ ചേർത്തുവയ്ക്കുമ്പോഴാണ്.

പഠനങ്ങളുടെ അടിസ്ഥാനത്തിൽ 15നും 29നും മധ്യേ പ്രായമുള്ളവരിൽ, പ്രത്യേകിച്ച് സ്ത്രീകളിൽ ആത്മഹത്യ ചെയ്യുന്നവരുടെ വലിയ അനുപാതമുണ്ടെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. വളരെ ഭയാനകമായ സാഹചര്യമാണിത്. ആരോഗ്യ വിദഗ്ധരുടെയും നയരൂപീകരണ വിദഗ്ധരുടെയും പൊതുജനങ്ങളുടെയും സർക്കാരിന്റെയും അടിയന്തര ശ്രദ്ധ ഈ വിഷയത്തിൽ ആവശ്യമാണ്. ആത്മഹത്യ ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമായതിനാലും ഒരു പരിധി വരെ തടയാൻ കഴിയുന്നതിനാലും, സൈക്യാട്രി വിഭാഗം ആത്മഹത്യാ പ്രതിരോധ ക്ലിനിക്ക് ആരംഭിച്ചിട്ടുണ്ട്.

വർധിച്ചു വരുന്ന ആത്മഹത്യാ പ്രവണത തടയുന്നതോടൊപ്പം മാനസീക സംഘർഷം അനുഭവിക്കുന്നവരെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരിക എന്നതാണ് ആത്മഹത്യാ പ്രതിരോധ ക്ലിനിക്ക് ലക്ഷ്യം വയ്ക്കുന്നത്. സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന പ്രൊഫഷണലുകളുടെ സേവനം ലഭ്യമാണ്. എല്ലാ തിങ്കളാഴ്ചയും പ്രവർത്തിക്കുന്ന ക്ലിനിക്കിൽ ഉച്ചക്ക് 2 മണി മുതൽ 3 മണി വരെ സേവനം ലഭ്യമാകും.

# Welcome to Jubilee Family

| | |
|---|---|
| Dr. Akhilkrishna M. | Emergency Medicine |
| Dr. Saparnya Vijayan | Neurosurgery |
| Mr. Akhil P. Jose | Biomedical |
| Sr. Lucy Emmanuel (Lucy V M) | Counter |
| Mrs. Jefeena Joshy | Anaesthesia |
| Mrs. Manisha A. N. | HRD |

## PHARMACY

| | |
|---|---|
| Ms. Jisna Shaji | Ms. Anina Tony |
| Mrs. Joemol Joseph | Ms. Annmariya Johny |
| Ms. Vandhana Varghese | Ms. Akshaya Antony |
| Ms. Stegna Stephen | |

## STAFF NURSES

| | | |
|---|---|---|
| Mrs. Honey Paul | Mrs. Riya Mathew | Mrs. Femy Antony |
| Mrs. Soby Babu | Ms. Jinu Mathew | Mrs. Sunitha N S |
| Mrs. Liviya Alex | Ms. Semi N. S. | Ms. Tessa Maria Tony |
| Ms. Sona Sunny | Ms. Jeen Mariya Shaju | Ms. Joshna C J |
| Ms. Neenu Nelson | Ms. Josmy Johnson | Ms. Niranjana Sojan |
| Ms. Floyee C A | Ms. Sonima Robert | Ms. Simy Antony |
| Ms. Aleena P D | Ms. Aleena E J | Ms. Besty Babu |
| Ms. Betsy Paulose | Ms. Ayana A V | Ms. Jeny M B |
| Ms. Raichel Joy | Ms. Akseena Francis | Ms. Sona P B |
| Ms. Vismaya V Wilson | Ms. Amrutha A S | Ms. Seethal Shailajan |
| Ms. Athulya Antony | Ms. Christy Bony | Ms. Anita Rose |
| Dr. Anjana Antony A. | Ms. Mariya Pauly | Ms. Annmary K S |
| Ms. Lekha V | Ms. Midhuna P Nandhanan | Ms. Neethu Wilson |
| Ms. Aiswarya B. | Ms. Vismaya Maliekal | Ms. Maria Babu |
| Ms. Jesiny Joy | Ms. Sangeetha Jose | Ms. Sona Xavier |
| Ms. Simla Cleedis | Ms. Renya P. Raju | Mrs. Mini Thomas |
| Ms. Sholy N S | Ms. Binu T B | Ms. Seethal M |
| Ms. Deena Davis | Mrs. Viji K J | |



**Sherly N. I.**
Nursing Assistant
Special Grade



**Joy C. J.**
Nursing Assistant
Special Grade

# THANKS

FOR YOUR VALUABLE SERVICE



# സ്നേഹ പരിചരണം!

## സുഖപ്പെടുത്തുന്ന കരം

വെങ്കിടങ്ങ് സ്വദേശിനിയായ എന്റെ ഒൻപത് വയസ്സുള്ള മകളുടെ ദേഹത്തേക്ക് തിളച്ച ചായ മറിഞ്ഞുവീണ് ഗുരുതരമായ പൊള്ളലേറ്റു. വീട്ടിലെ പ്രാഥമിക ശുശ്രൂഷകൾക്കുശേഷം അടുത്തുള്ള മണലൂർ കോപ്പറേറ്റീവ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. അവിടത്തെ ഡോക്ടർ പരിശോധനയ്ക്കു ശേഷം തുടർചികിൽസക്കായി ജൂബിലി മിഷൻ ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ നിർദ്ദേശിച്ചു. ഞങ്ങൾ ഉടൻതന്നെ ഇങ്ങോട്ടുവരികയും, പ്ലാസ്റ്റിക് സർജറി വിഭാഗത്തിലുള്ള ഡോ. നവീൻനെ കാണിക്കുകയും ചെയ്തു. ഇവിടെ എത്തിയപ്പോൾതന്നെ


JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE

Together,
We are the
Patient Experience !


വേണ്ട ശുശ്രൂഷകളെല്ലാം നൽകി. ഡോക്ടറും നഴ്സുമാരും പേടിക്കേണ്ട എന്നു പറഞ്ഞ് ഞങ്ങളെ ആശ്വസിപ്പിച്ചു ധൈര്യം നൽകി. ചെറിയ കുട്ടി ആയ എന്റെ മകളെ ഒത്തിരി നന്നായി എല്ലാവരും സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്തു. ഒരാഴ്ചയോളം ഞങ്ങൾ ആശുപത്രിയിൽ ഉണ്ടായിരുന്നു. പൂർണ്ണമായ സൗഖ്യത്തിനുശേഷം ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. എന്റെ മകളെ രക്ഷിച്ച ഡോ. നവീനും ശുശ്രൂഷിച്ച എല്ലാ നഴ്സുമാർക്കും ഞങ്ങൾ ഒത്തിരി നന്ദി രേഖപ്പെടുത്തുന്നു.

**രോഗിയുടെ അമ്മ**




# THE SILENT KILLER

World Pneumonia Day is a global event observed every year on the 12th of November to spread awareness and educate people to combat Pneumonia which is the world's biggest infectious killer of adults as well as children and responsible for majority of deaths of children below the age of 5 years .

The theme for this year was "Championing the fight to stop Pneumonia'. According to the WHO, pneumonia accounts for 14% of all deaths in children below 5 years of age. India alone accounts for 23% of the global pneumonia burden.

Pneumonia is an infectious disease caused by organisms like bacteria, viruses or fungi. There are mainly two types of pneumonia – Community acquired pneumonia (CAP) and hospital acquired pneumonia (HAP). Worldwide, Streptococcus pneumoniae is the bacterium that is most often responsible for

CAP in adults. Some other common bacteria that cause CAP are Haemophilus influenzae, Mycoplasma pneumoniae, Chlamydia pneumoniae, Legionella, Gram-negative bacilli, Staphylococcus aureus. Influenza virus is the major viral cause of CAP. Hospital-acquired pneumonia includes pneumonia that was not incubating at the time of hospital admission and develops at least 48 hours after hospital admission. The most common pathogens are gram negative bacilli and Staphylococcus aureus; antibiotic resistant organisms are also an important concern.

Infection can be passed between people from direct contact (usually the hands) or inhaling droplets in the air from coughing or sneezing. Pneumonia can occur at any age. However, it is more common in elderly people and young children and in people with a pre-existing lung disease (COPD, structural lung disease, bronchiectasis, post TB or post Covid lung), poor nutrition, DM and other immunocompromised states. People who smoke and people who are around tobacco smoke are at higher risk of developing pneumonia. History should particularly emphasise on recent smoking habits and co morbidities.



Symptoms may range from mild to severe disease requiring hospitalisation at times. The symptoms may include cough, fever or chills, difficulty in breathing, low energy and poor appetite. Sometimes a person may have nausea, diarrhoea, chest pain and occasionally haemoptysis. A person who has a viral upper respiratory infection (rhinitis) will get a new fever and worsening of symptoms that suggests the start of the secondary bacterial infection.



Blood tests may show elevated WBC counts, CXR may show areas of consolidation. Depending upon the anatomical extent of the pneumonia, it could be classified as lobar ( involving one particular lobe), bronchopneumonia (involving the terminal bronchioles and causing patchy opacities) or interstitial (involving the lung interstitium). Few cases may require CT thorax. Sputum culture might be helpful in identifying the causative organism and the antibiotic sensitivity pattern. If the person is not getting better, has severe infection, or is at high risk of an atypical infection, flexible bronchoscopy with PSB or BAL may be done for confirming the etiologic diagnosis. In many cases, the etiological agent may not be identified and empiric therapy is often initiated based on the presentation of the patient and existing antibiotic policy. M tuberculosis should be considered especially in endemic countries like India and when symptoms are long lasting with hemoptysis, anorexia, weight loss or night sweats.

Mild cases may require antibiotics and rest. Moderate to severe cases may require hospitalisation with IV antibiotics, oxygen

therapy and sometimes ventilatory support as well. Pneumonia may sometimes get complicated with formation of empema,lung abscess or sometimes may go into septicaemia and multi organ failure.

The disease can be prevented by regularly cleaning and disinfecting surfaces that are touched a lot, coughing or sneezing into a tissue or into your elbow or sleeve, limiting contact with cigarette smoke or quitting smoking, taking good care of medical conditions (like asthma, diabetes, or heart disease), basic protections including wearing masks, physical distancing and avoiding large crowds.



5 yearly pneumococcal vaccine and annual influenza virus vaccine and is another way for prevention of pneumonia in high-risk patients. CDC recommends vaccines for Adults who old 65 years and older and adults 19 - 64 years old with certain underlying medical conditions or other risk factors like alcoholism, cerebrospinal fluid leak, chronic heart / liver / lung disease, chronic renal failure, Cigarette smoking, Congenital or acquired asplenia, congenital or acquired immunodeficiencies, diabetes, malignancy, HIV infection, iatrogenic immunosuppression, Nephrotic syndrome, Sickle cell disease or other hemoglobinopathies, Solid organ transplants.

Uncomplicated pneumonia can be managed with proper antibiotics, adequate hydration and rest. Special consideration should be given for non resolving pneumonia, pneumonia in the geriatric population and when there is a history of recent travel.

**Prof. Dr Supriya Adiody**
HOD, Dept of Respiratory Medicine



# തലനീരിറക്കം

(തുടർച്ച)

മൂത്രാശയത്തിലുണ്ടാകുന്ന നീർക്കെട്ടുകൾ, തുടരെ തുടരെ മൂത്ര പഴുപ്പ് ഉണ്ടാക്കും. കലങ്ങി നിറഭേദത്തോടെ മൂത്രം പോവുക, ഉറക്കത്തിൽ മൂന്ന് തവണയിൽ കൂടുതൽ മൂത്രമൊഴിക്കേണ്ടിവരിക, കുറച്ച് മാത്രം മൂത്രം പോവുക, വൃഷണത്തിലും ലിംഗത്തിലും വേദന എന്നീ ലക്ഷണങ്ങൾ കാണുന്നു.

ഗർഭാശയത്തിലുണ്ടാകുന്ന നീരിറക്കം കാലക്രമേണ വിവിധ ഗർഭാശയ-അണ്ഡാശയ ഫൈബ്രോയ്ഡ്കൾക്കും വന്ധ്യതയിലേക്കും നയിക്കും. തുടക്കത്തിൽ വെള്ളപോക്ക്, ആർത്തവ സമയത്ത് വേദന, അമിതമായോ കട്ടകളായോ ഉള്ള രക്തസ്രാവം, സമയം തെറ്റിയുള്ള ആർത്തവക്രമം, അടിയവറും കാലുകളിലും നടുവിലും ആർത്തവ ദിവസങ്ങളിലും അതിനു മുമ്പും വേദനകളും അനുഭവപ്പെടും.

കൈകാലുകളിലും അസ്ഥിസന്ധികളിലുമുള്ള ദൈനംദിന പ്രവർത്തികൾക്ക് അത് വളരെ തടസ്സമുണ്ടാക്കുന്നു. കഴുത്ത്, തോൾ, നടുംപുറം, കൈകാൽ മുട്ടുകൾ, പാദങ്ങൾ എന്നിവ മടക്കുവാനും നിവർത്തുവാനും ബുദ്ധിമുട്ട് ഉണ്ടാവുക, നീരുണ്ടാവുക, മാംസപേശികൾ വലിഞ്ഞ് കോച്ചുപോവുക, എല്ലുകളിൽ തൊടുമ്പോൾ വേദന, തേയ്മാനം, കാലിലെ തുട, വണ്ണംകുടം എന്നിവിടങ്ങളിൽ കുത്തിക്കഴയ്ക്കുക, കാൽപാദങ്ങളിൽ വൈകിട്ടാകുമ്പോൾ നീര് കാണുക എന്നീ ലക്ഷണങ്ങൾ കണ്ടുവരുന്നു. ഈ നീർകെട്ടുകളുടെ വിവിധ അവസ്ഥകൾക്ക് അനുസ

രിച്ച് രക്തവാതം, ആമവാതം, സന്ധിവാതം എന്നോ ഓസ്റ്റിയോ ആർത്രൈറ്റിസ്, റുമാറ്റോയിഡ്, റുമാറ്റിക് ഫീവർ, ഗൗട്ട്, സീറ് നെഗറ്റീവ് ആർത്രൈറ്റിസ്, സെരവിക്കൽ റാഡിക്കുലോ മൈലോ പതി, സോറിയറ്റിക് ആർത്രൈറ്റിസ് എന്നൊക്കെ പറയാം.

## ചികിത്സ

ആയൂർവേദത്തിൽ ജ്വര ശോഫ ചികിത്സയിലാണ് നീരിറ ക്കത്തിന്റെ ചികിത്സ പറഞ്ഞിട്ടുള്ളത്. നീരിറക്കത്തിന്റെ ആദ്യാ വസ്ഥയിൽ ചികിത്സിക്കാതിരുന്നാൽ ഇത് പല ഭാഗത്തേക്കും ഇറങ്ങി പല അവയവങ്ങളിൽ ചെന്ന് മുമ്പ് പറഞ്ഞിരിക്കുന്ന



അസുഖങ്ങൾ ഉണ്ടാക്കുന്നു. നീർക്കെട്ടിനെ മുകളിൽനിന്നും ഇറക്കി പാദം വരെയുള്ള ഭാഗങ്ങളിൽനിന്ന് തുടച്ചുനീക്കുകയും ശരീരധാതുക്കളായ രക്തം, മാംസം, അസ്ഥി, മജ്ജ എന്നിവ ശുദ്ധമാക്കുകയും അവയ്ക്ക് ബലം നൽകുകയും ചെയ്യുന്നതി ലൂടെ പ്രതിരോധ ശക്തി മെച്ചപ്പെടുത്തി വരാനിരിക്കുന്ന രോഗ ങ്ങളെ അകറ്റുവാൻ സഹായിക്കുന്നു.

ശരീരത്തിലെ ധാതുക്കളുടെ നീർക്കെട്ടുകൾ മാറി ശുദ്ധിവരു ന്നതിലൂടെ നിലവിലെ ശാരീരികമായ രോഗങ്ങൾ ശമിക്കുകയും തന്മൂലം മാനസികമായ അസ്വസ്ഥതകൾക്ക് വിരാമം ഉണ്ടാവു കയും ചെയ്യുന്നു. ശുദ്ധമായ ശരീര ധാതുക്കൾ ശരീരത്തിനു ബലവും, നിറവും, ശരിയായ പചനക്രിയയും പഞ്ചേന്ദ്രിയങ്ങളു ടെയും മനസ്സിന്റെയും ബുദ്ധിയുടെയും ശരിയായ പ്രവർത്തനം ഉറപ്പുവരുത്തുന്നു.

ആയൂർവേദത്തിൽ തലനീരിറക്കത്തിന്റെ ഫലപ്രദമായ ചികി ത്സക്ക് ഉചിതമായ എണ്ണകൾ ശിരസ്സിലും ദേഹത്തും ഉപയോഗിച്ച്



വിവിധ ഭാഗങ്ങളിലും നീർക്കെട്ടിനെ നിർവീര്യമാക്കുന്നു. എണ്ണകളുടെകൂടെ വിവിധ കഷായങ്ങൾ, ഗുളികകൾ, ചൂർണ്ണങ്ങൾ, അരിഷ്ടങ്ങൾ, ലേഹ്യങ്ങൾ എന്നിവയുടെ സഹായത്താൽ മൂന്നാഴ്ച മുതൽ മൂന്ന് മാസംകൊണ്ട് നീരിറക്കത്തെ പിടിച്ചുനിർത്തുവാൻ സാധിക്കും. വളരെ പഴകിയതും കൂടുതൽ അന്തർലീനവുമായ നീർകെട്ടിനെ പുറത്തേക്ക് കളയുവാൻ പഞ്ചകർമ്മങ്ങളായ നസ്യം, വമനം, വിരേചനം, വാസ്തി, രക്തമോക്ഷണം തുടങ്ങിയവയും സ്ഥാനീയമായ നീർകെട്ടുകളെ നീക്കംചെയ്യാൻ ഇലക്കിഴി, സ്റ്റീം ബാത്ത്, പിഴിച്ചിൽ, ഉഴിച്ചിൽ, ധാര തുടങ്ങിയ പ്രയോഗങ്ങൾ രോഗിയുടെയും രോഗത്തിന്റെയും അവസ്ഥ നോക്കി വൈദ്യൻ ഉപയോഗിക്കാറുണ്ട്.

## നീരിറക്കത്തെ കുറയ്ക്കുവാനും വരാതിരിക്കുവാനും

- ഈർപ്പം കുറഞ്ഞ അന്തരീക്ഷം നീരിറക്കം കുറയ്ക്കും
- ദിവസം തോറുമുള്ള സന്തുലിതമായ വ്യായാമം
- ആരോഗ്യകരമായ ഭക്ഷണക്രമം
- പകലുറക്കം ഒഴിവാക്കുക
- ബോഡിപോസ്ചറുകൾ നേരെയാക്കുക
- ചൂടുവെള്ളം കുടിക്കുക
- ശരീരത്തിന് ആവശ്യമായ രക്തവും ധാതുലവണങ്ങളും (U, C, D Electrolytes) ഉണ്ടെന്ന് ഉറപ്പുവരുത്തുക.

**ഡോ. ഹാർവിൻ ജോർജ് എൻ.**
കൺസൽട്ടന്റ്, ജൂബിലി ആയുർവേദ

Editorial Board
Rev. Fr. Demin Tharayil | Dr. Benny Joseph | Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby PA | Ms. Rakhi K B
Ms. Chippy K S | Ms. Manisha A.N | Mr. Joshi Paul


തന്റെ വിശുദ്ധരുടെ മരണം
കർത്താവിന് അമൂല്യമാണ്.
(സങ്കീ. 116:15)
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE
NABH